


സുഹൈറലി തിരുവിഴാംകുന്ന്

zuhairalik@gmail.com

**പ്ലേസ്റ്റോറിൽ നിന്ന് സ്കൈ മാപ്പ് ആൻഡ്രോയ്ഡ് സെറ്റിൽ ഇൻസ്റ്റാൾ ചെയ്താൽ ലൈവായി ആകാശം നിരീക്ഷിക്കാം. കൈയിലെ ഡിവൈസ് എവിടേക്ക് തിരിച്ചാലും ആ സമയം സ്പെയ്സിലുള്ള ഗോളങ്ങളുടെ മാപ്പ് നിങ്ങളുടെ സ്ക്രീനിൽ കാണാനാവും. അവയുടെ പേരും മനസ്സിലാക്കാം.**



# ഗൂഗിൾ സ്കൈ അഥവാ ആകാശ 'ഭൂപടം'

തെളിഞ്ഞ രാവിൽ മാനത്ത് നോക്കി കിടക്കാൻ രസമാണ്. അനേകം കോടി വരുന്ന നക്ഷത്രലോകത്തേക്ക് കണ്ണയച്ച് പ്രപഞ്ചവിശാലതയുടെ ഓളങ്ങളിലൂടെ സഞ്ചരിക്കുന്നത് കൗതുകകരമായ അനുഭവമാണ്. മനുഷ്യൻ ആദ്യകാലം മുതൽക്കു തന്നെ വാനനിരീക്ഷണം ശീലിച്ചു പോന്നിരുന്നു. കാലാവസ്ഥകളും കലണ്ടറും കാലഗണനയും അവർ നിശ്ചയിച്ചു. ആകാശത്തേക്ക് നോക്കി നിന്നും സ്രഷ്ടാവിന്റെ മാഹാത്മ്യത്തെക്കുറിച്ച് ചിന്തിക്കാൻ നമുക്ക് സാധിക്കാറുണ്ടോ?

'അനന്തമജ്ഞാതമവർണനീയ'മായി കിടക്കുന്ന പ്രപഞ്ചം സ്രഷ്ടാവിന്റെ മഹത്വത്തെ ബോധ്യമാക്കും. അതിനെ കുറിച്ച് ചിന്തിക്കുമ്പോൾ മനുഷ്യന്റെ നിസ്സാരത സ്വയം ബോധ്യമാവുകയും അതവനെ വിനീതനാക്കുകയും ചെയ്യുന്നു. ഈ പ്രപഞ്ചത്തിൽ കേവലം ചില കണികകൾ മാത്രമായിട്ടുള്ള ഭൂമിയിൽ മനുഷ്യർ പരസ്പരം പോരടിക്കുന്നതിലെ ബുദ്ധിശൂന്യത അവനെ തെര്യപ്പെടുത്തുന്നു. അതോടൊപ്പം മനസ്സിന്റെ സങ്കുചിതത്വത്തിൽ നിന്ന് പുറത്തു കടക്കാനും വിശാലതയെ പുണരാനും അവസരമൊരുക്കുന്നു. ഇമാം ഗസ്സാലി(റ) വാനനിരീക്ഷണത്തിന്റെ ഗുണങ്ങൾ വിശദീകരിക്കുന്നുണ്ട്. ഒരുകാലത്ത് ഗോളശാസ്ത്ര രംഗത്തെ കുലപതികളായിരുന്നു മുസ്‌ലിം ശാസ്ത്രജ്ഞന്മാരെങ്കിൽ ഇന്ന് മാനം നോക്കാനുള്ള നേരം പോലും നമുക്കില്ലാതായിരിക്കുന്നു. ലോകത്തിലെ ഏറ്റവും മികച്ചതും അത്യാധുനികവുമായ വാനനിരീക്ഷണാലയങ്ങൾ മുസ്‌ലിം സ്പെയിനിന്റെയും കൊറദോവയുടെയും സംഭാവനകളായിരുന്നു. ഇന്നും നക്ഷത്രങ്ങളുടെ പേരുകൾ പരിശോധിച്ചാൽ അറബിനാമങ്ങൾ ധാരാളം കാണാനാവും.

ഒരു വൈജ്ഞാനികശാഖ കൂടിയാണ് വാനനിരീക്ഷണം. കൗതുകമെന്നതിലുപരി വാനനീരീക്ഷണത്തിലൂടെ നാം നമ്മുടെ പ്രപഞ്ചത്തെ അറിയുകയാണ്. പ്ലേസ്റ്റോറിൽ നിന്ന് സ്കൈ മാപ്പ് (sky map) ആൻഡ്രോയ്ഡ് സെറ്റിൽ ഇൻസ്റ്റാൾ ചെയ്താൽ ലൈവായി ആകാശം നിരീക്ഷിക്കാം (google.co.in/sky). കൈയിലെ ഡിവൈസ് എവിടേക്ക് തിരിച്ചാലും ആ സമയം സ്പെയ്സിലുള്ള ഗോളങ്ങളുടെ മാപ്പ് നിങ്ങളുടെ സ്ക്രീനിൽ കാണാനാവും. അവയുടെ പേരും മനസ്സിലാക്കാം. വിവിധ ആകാശഗോളങ്ങളെ സെർച്ച് ചെയ്താൽ ഇപ്പോൾ മാനത്ത് ഏത് കോണിലാണ് അതുള്ളതെന്ന് ആപ്ലിക്കേഷൻ നിങ്ങൾക്ക് കാണിച്ചു തരും. ചന്ദ്രപ്പിറവിയും ഇതിലൂടെ കൃത്യമായി മനസ്സിലാക്കാനാവും. അഥവാ ജി.പി.എസ്സിന്റെ സംവിധാനമുപയോഗിച്ച് ഇന്ന ആംഗിളിൽ ഇന്ന സമയത്ത് ഓരോ ഗോളങ്ങളുടെയും സ്ഥാനം ഇതിൽ പ്രോഗ്രാം ചെയ്തു വെച്ചിരിക്കുന്നു. അത്രയും കൃത്യമാണ് പടച്ചവന്റെ സംവിധാനമെന്നത് ഒരിക്കൽ കൂടി അത് നമ്മെ ഓർമിപ്പിക്കുന്നു. ■